പാട്ടിനൊരു ബാങ്ക്; പത്ത് വർഷം പിന്നിട്ട് M3DB

ദിലീപ് വിശ്വനാഥ് | *Updated: Sunday Dec 20, 2020*

Facebook

Twitter

Whatsapp

Mail

മലയാള സിനിമയിലും സിനിമാ സംഗീത മേഖലയിലും പ്രവർത്തിക്കുന്ന കലാകാരന്മാരുടെയും സാങ്കേതിക വിദഗ്ധരുടെയും ജീവിതരേഖയും അവരുടെ സൃഷ്ടികളുടെ സമ്പൂർണ വിവരവും ഒരു ക്ലിക്കിലൂടെ ആർക്കും ലഭ്യമാകുന്ന സ്വതന്ത്ര ഡാറ്റാബേസായ M3DB (മലയാളം മൂവി & മ്യൂസിക് ഡാറ്റാബേസ്) ഡിസംബർ 20ന് പത്ത് വർഷം പിന്നിടുന്നു.

മലയാള സിനിമാ ഗാനശേഖരത്തിനായി ഒരുകൂട്ടം സംഗീത പ്രേമികളുടെ കൂട്ടായ്മ ഇന്ന് M3DB (മലയാളം മൂവി & മ്യൂസിക് ഡാറ്റാബേസ്) എന്ന വിവര സഞ്ചയമായി പന്തലിച്ച് നിൽക്കുന്നു. പാട്ടുകളും അവയുടെ വരികളും ശേഖരിച്ച് ഇന്റർനെറ്റിൽ സൂക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലും വിദേശത്തുമുള്ള സംഗീതപ്രേമികൾ 2004-ലാണ് ഇതിന് ആരംഭം കുറിച്ചത്.

ഇന്റർനെറ്റ് ഉപയോക്താക്കളായ സംഗീതാസ്വാദകർ പഴയ പാട്ടുപുസ്തകങ്ങളിൽനിന്നും, ഗാനശേഖരങ്ങളുടെ പക്കൽനിന്നും പാട്ടുകൾ ശേഖരിച്ചു. കൈവശമുള്ള സിഡി, ഓഡിയോ കാസറ്റുകൾ, എൽപി റെക്കോർഡുകൾ എന്നിവ അതീവ ശ്രദ്ധയോടെ കേട്ട് സങ്കീർണമായ സ്വരങ്ങൾ ഉൾപ്പെടെ പാട്ടുകൾ പകർത്തി. അങ്ങനെ ആ ശേഖരം വിപുലമായി. കിരൺ എന്ന പേരിലറിയപ്പെടുന്ന അജു തോമസ് പാട്ടുകൾ സൂക്ഷിക്കാൻ ഓൺലൈൻ സ്റ്റോറേജെന്ന നിലയിൽ തുടങ്ങിയ യാഹൂ ഗ്രൂപ്പായിരുന്നു അംഗങ്ങൾ വിവരങ്ങളും ആശയങ്ങളും പങ്കുവച്ച ആദ്യവേദി. ശേഖരിച്ച പാട്ടുകളുടെ വരികൾ ലളിതമായി സെർച്ച് ചെയ്ത് കണ്ടെത്താൻ മലയാളം സോങ് ലിറിക്സ് എന്ന പേരിൽ ഒരു വെബ്സൈറ്റും തുടങ്ങി.

ഇന്റർനെറ്റ് മലയാളവും മലയാളം ബ്ലോഗുകളും സാംസ്കാരിക പരിസരത്ത് ശക്തമായ സ്വാധീനം ചെലുത്തിയ

പ്രധാന വാർത്തകൾ

പാണക്കാട് തങ്ങളെയല്ല; കുഞ്ഞാലിക്കുട്ടിയെയാണ് ഇഡി ചോദ്യം ചെയ്യേണ്ടത്; തങ്ങൾക്കയച്ച നോട്ടീസ് പിൻവലിക്കണം: കെ ടി ജലീൽ

കാരായി രാജനും കാരായി ചന്ദ്രശേഖരനും കണ്ണൂർ ജില്ലയിൽ പ്രവേശിക്കാം; ജാമ്യവ്യവസ്ഥയിൽ ഇളവ് നൽകി ഹൈക്കോടതി

പെഗാസസ്: ആരോപണം ഗൗരവതരം; ചൊവ്വാഴ്ച വാദം തുടരും

കർണാടക അതിർത്തിയിലെ പുതിയ നിയന്ത്രണങ്ങൾ കേന്ദ്ര നിർദ്ദേശങ്ങൾക്ക് വിരുദ്ധം: മുഖ്യമന്ത്രി

ഇന്ത്യയുടെ ഉരുക്കുകോട്ട; വലയ്ക്കുമുന്നിൽ വൻമതിലായി പി ആർ ശ്രീജേഷ്

ചക്ദേ... ഒളിമ്പിക്സ്

Google ന്റെ പരസ്യങ്ങൾ

ഈ പരസ്യം കാണുന്നത് നിർത്തുക | എന്തുകൊണ്ട് ഈ പരസ്യം?

സംഗീത സംവിധായകൻ ജോൺസണും സംവിധായകൻ പി ടി കുഞ്ഞുമുഹമ്മദും ചേർന്ന് M3DB ഡേറ്റാ ബേസിന്റെ ഉദ്ഘാടനം 2010ൽ പാലക്കാട്ട് നിർവഹിച്ചപ്പോൾ

ഭാഗങ്ങളിലുമുള്ളവർ പരസ്പരം കാണാതെ ഇന്റർനെറ്റിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഗാനങ്ങൾ തയ്യാറാക്കി അവ സംഗീതാസ്വാദകർക്ക് സൗജന്യമായി ഡൗൺലോഡിന് ലഭ്യമാക്കിയ സംരംഭമായ 'ഈണം', മലയാള ഇന്റർനെറ്റ് ചരിത്രത്തിലെ ആദ്യത്തെ സമ്പൂർണ സിനിമാ-സംഗീത ക്വിസ് ആയ 'എംഎസ്എൽ ക്വിസ്' തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ ആ കൂട്ടായ്മ ഗാനശേഖരത്തിനപ്പുറത്തേക്കും ചിറകുവിരിച്ചു.

സിനിമയുടെയും അതിന് മുന്നിലും പിന്നിലു പ്രവർത്തിക്കുന്നവരുടെയും വിവരങ്ങൾ ഡാറ്റാബേസിലൂടെ ലഭ്യമാക്കുക എന്ന ആശയം ഉടലെടുത്തു. ലോകത്തിന്റെ പല കോണുകളിൽനിന്ന് നൂറിലധികം മലയാളികളുടെ പരിശ്രമത്തോടെ മലയാള സിനിമയുടെ പ്രാരംഭ ഘട്ടം മുതലുള്ള വിവരങ്ങൾ ഡാറ്റാബേസിൽ ചേർത്തു. അങ്ങനെ 2010 ഡിസംബർ 20-ന് സംഗീത സംവിധായകൻ ജോൺസണും സംവിധായകൻ പി ടി കുഞ്ഞുമുഹമ്മദും മലയാളം മൂവി & മ്യൂസിക് ഡാറ്റാബേസ് (M3DB) എന്ന ചലച്ചിത്ര വിവര സഞ്ചയം ഉദ്ഘാടനംചെയ്തു. സിനിമയിലും സിനിമാ സംഗീത മേഖലയിലും പ്രവർത്തിക്കുന്ന കലാകാരന്മാരുടെയും സാങ്കേതിക വിദഗ്ധരുടെയും ജീവിതരേഖയും അവരുടെ സൃഷ്ടികളുടെ സമ്പൂർണ വിവരവും ഒരു ക്ലിക്കിലൂടെ ആർക്കും ലഭ്യമാകുന്ന സ്വതന്ത്ര ഡാറ്റാബേസാണിത്.

ചലനാത്മകമായ ഡാറ്റാബേസിൽ പത്തുവർഷം കൊണ്ട് 21000 പാട്ടുകളുടെ വരികളും ആറായിരത്തിലധികം സിനിമകളുടെയും 40000ലധികം സിനിമാ പ്രവർത്തകരുടെയും വിവരങ്ങളും 2500ഓളം ഗാനങ്ങളുടെ രാഗങ്ങളുമുണ്ട്. ഡിസംബർ 20-ന് പത്താം വാർഷികം ആഘോഷിക്കുന്ന വേളയിൽ വിവരശേഖരണത്തിലും ഡോക്യുമെന്റേഷനിലും താൽപ്പര്യമുള്ള കൂടുതൽ ചലച്ചിത്രപ്രേമികളെ ഈ പദ്ധതിയുടെ ഭാഗമാക്കി M3DB-യെ എല്ലാ അർഥത്തിലും ഒരു ജനകീയ ഡാറ്റാബേസാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് ഇതിന്റെ അമരക്കാർ ഉദ്ദേശിക്കുന്നത്.

ഇത് കൂടാതെ ഗാനങ്ങളിലെ രാഗങ്ങളെ തരം തിരിച്ച് രേഖപ്പെടുത്താനായി 'രാഗ' പ്രോജക്റ്റും കേരളത്തിലെ തിയറ്ററുകളുടെയും ഷൂട്ടിങ് ലൊക്കേഷനുകളുടെയും ചരിത്ര വിവരശേഖരണത്തിനായി ലൊക്കേഷൻ/തിയറ്റർ ലൈബ്രറി എന്ന പ്രോജക്റ്റും, സിനിമയിലെ ശബ്ദവിഭാഗത്തിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി അടയാളപ്പെടുത്തുന്ന 'വോയ്സ് ലൈബ്രറി' എന്ന പ്രോജക്റ്റും M3DB തുടങ്ങിക്കഴിഞ്ഞു.
(M3DB സ്ഥാപകരിൽ ഒരാളാണ് ലേഖകൻ)

My child cries out due to pain in his swollen stomach, Help!
KETTO

SIP Plans for NRI. Invest 18k per month & get Rs 2 Cr Return
Policybazaar

Recommended by

ദേശാഭിമാനി വാർത്തകൾ ഇപ്പോൾ വാട്സാപ്പിലും ടെലഗ്രാമിലും **ലഭ്യമാണ്.**

വാട്സാപ്പ് ചാനൽ സബ്സ്ക്രൈബ് ചെയ്യുന്നതിന് ക്ലിക് ചെയ്യ..

ഇന്ത്യക്കാർക്ക് മാത്രമായി

ഖത്തറിലുള്ള ഇന്ത്യക്കാർ അവരുടെ കീശയിൽ അതിവേഗം ശേഖരിക്കുകയാണ്.

Intemion

ടെലഗ്രാം ചാനൽ സബ്സ്ക്രൈബ് ചെയ്യുന്നതിന് ക്ലിക് ചെയ്യ..

കരുവന്നൂർ ബാങ്ക് തട്ടിപ്പ്; സിബിഐ അന്വേഷണമാവശ്യപ്പെട്ടുള്ള ഹർജി സർക്കാർ നിലപാട് അറിയാനായി മാറ്റി

കേരളത്തിന്റെ കോവിഡ് പ്രതിരോധം; പി സി വിഷ്ണുനാഥ് ആവർത്തിക്കുന്നത് കെ സുരേന്ദ്രന്റെ വാദങ്ങൾ; സുബിൻ ഡെന്നിസ് എഴുതുന്നു

ഇറന്നു കരുതലോടെ ; നിയന്ത്രണത്തിന് ഡബ്ല്യുഐപിആർ

വനിതാ ഹോക്കിയിലെ തോൽവി; ഇന്ത്യൻ താരത്തിന്റെ കുടുംബത്തിനുനേരെ ജാതി അധിക്ഷേപം

FROM AROUND THE WEB

Auto driver needs Rs 15 lakh to save his son from...
KETTO

Best Retirement Plans for Indians Living in UAE.
Investment Plans for NRIs

Become a successful trader with 70Trades
70trades.com

Experience the future of online trading.
Moneta Markets

Recommended by

Google ന്റെ പരസ്യങ്ങൾ

ഈ പരസ്യം കാണുന്നത് നിർത്തുക | എന്തുകൊണ്ട് ഈ പരസ്യം?